<u>പതിമൂന്നാം കേരള നിയമസഭ</u>
<u>രണ്ടാം സമ്മേളനം</u>

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *537 | 24.10.2011-ലെ മറുപടിക്ക് |
|---|---|

## <u>ഡി-അഡിക്ഷൻ സെന്ററുകളുടെ പ്രവർത്തനം</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. കെ. അച്ചുതൻ<br>ശ്രീ. റ്റി. എൻ. പ്രതാപൻ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ ഡി-അഡിക്ഷൻ സെന്ററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദമാക്കുമോ;<br><br>ബി) പ്രസ്തുത സെന്ററുകളിലെ ആശുപത്രികളുടെ രൂപീകരണത്തിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; | എ) & ബി) തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ ഡി-അഡിക്ഷൻ സെന്ററിനു വേണ്ടി 16 കിടക്കകളോടുകൂടിയ ഒരു വാർഡ് പ്രവർത്തിച്ചു വരുന്നു. ഇതു കൂടാതെ 40 കിടക്കളുള്ള ഒരു ഡി-അഡിക്ഷൻ ബ്ലോക്കിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തിൽ 8 മുറികളോടുകൂടിയ ഒരു ഡി-അഡിക്ഷൻ ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞു. ആയത് ഉടൻതന്നെ പ്രവർത്തനമാരംഭിക്കുന്നതാണ്. കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിലും ലഹരി വിമോചന ചികിൽസക്ക് വേണ്ടി ഒരു പ്രത്യേക വാർഡ് പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സൈക്ക്യാട്രി വിഭാഗത്തിന്റെ കീഴിൽ ഒരു ഡി-അഡിക്ഷൻ സെന്റർ പ്രവർത്തിച്ചു വരുന്നു. ആഴ്ചയിൽ 6 ദിവസം ഡി-അഡിക്ഷൻ ഒ.പി. വിഭാഗം പ്രവർത്തിക്കുന്നുണ്ട്. കിടത്തി ചികിൽസ ആവശ്യമുള്ളവരെ പുരുഷന്മാർക്കു വേണ്ടിയുള്ള മനോരോഗ ചികിൽസാ വാർഡിൽ കിടത്തി ചികിൽസിച്ചു വരുന്നു. കോട്ടയം മെഡിക്കൽ കോളേജിലെ സൈക്ക്യാട്രി വിഭാഗത്തിന്റെ കീഴിൽ 8 കിടക്കകളും തൃശ്ശൂർ മെഡിക്കൽ |

| | |
|---|---|
| | കോളേജിൽ 10 കിടക്കകളും കോഴിക്കോട് മെഡിക്കൽ കോളേജിൽ 15 കിടക്കകളോടും കൂടിയ ഒരോ ഡി-അഡിക്ഷൻ വാർഡ് പ്രവർത്തിക്കുന്നുണ്ട്. ആഴ്ചയിൽ ഒരു ദിവസം ഡി-അഡിക്ഷൻ ഒ.പി സൗകര്യവും ലഭ്യമാണ്. ആലപ്പുഴ മെഡിക്കൽ കോളേജിലെ സൈക്ക്യാട്രി വിഭാഗത്തിന്റെ കീഴിൽ ആഴ്ചയിൽ ഒരു ദിവസം ഡി-അഡിക്ഷൻ ഒ.പി നടത്തുന്നുണ്ട്. തിരുവനന്തപുരം, കൊല്ലം, പാലക്കാട്, വയനാട് എന്നീ ജില്ലകളിൽ ജില്ലാ ആശുപത്രിയോടനുബന്ധിച്ച് ഡി-അഡിക്ഷൻ സെന്ററുകൾ തുടങ്ങുന്നതിനു വേണ്ടി ഓരോ ജില്ലാ ആശുപത്രിക്കും 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| സി) ഇതിന് എത്ര തുക വകയിരുത്തിയിട്ടുണ്ട്? | സി) തിരുവനന്തപുരം, കൊല്ലം,പാലക്കാട്, വയനാട് എന്നീ ജില്ലാ ആശുപത്രികളിൽ ഡി-അഡിക്ഷൻ സെന്ററുകൾ തുടങ്ങുന്നതിനു വേണ്ടി ഓരോ ജില്ലാ ആശുപത്രിക്കും 25 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഈ തുകയിൽ 10 ലക്ഷം രൂപ വീതം മേൽ സൂചിപ്പിച്ച നാല് ജില്ലകളുടെയും ഡി-അഡിക്ഷൻ സെന്ററുകളുടെ നവീകരണത്തിനും സിവിൽ വർക്കിനും വേണ്ടി വിനിയോഗിക്കുന്നതാണ്. 11 ലക്ഷം രൂപ വീതം ഡി-അഡിക്ഷൻ സെന്ററിനു വേണ്ടിയുള്ള കട്ടിലുകളും കിടക്കകളും ആവശ്യമായ ഉപകരണങ്ങളും വാങ്ങുന്നതിനായി വിനിയോഗിക്കുന്നതാണ്. ബാക്കി 4 ലക്ഷം രൂപ വീതം ഡി-അഡിക്ഷന് വേണ്ടിയുള്ള പ്രത്യേകതരം മരുന്നുകൾ വാങ്ങുന്നതുമാണ്. 2010-2011 നാഷണൽ മെന്റൽ ഹെൽത്ത് പ്രോഗ്രാം മുഖേന തിരുവനന്തപുരം മെഡിക്കൽ കോളേജിന് 56 ലക്ഷം രൂപയും കോട്ടയം മെഡിക്കൽ കോളേജിന് 45.20 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ